പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 602

10.6.2014 ൽ
മറുപടിയ്ക്ക്

# നിയോജക മണ്ഡലങ്ങൾതോറും ഐ.ടി. പാർക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് ;<br>ശ്രീ. സി.എഫ്. തോമസ് ;<br>ശ്രീ. റ്റി.യു. കുരുവിള ;<br>ശ്രീ. തോമസ് ഉണ്ണിയാടൻ ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | ഓരോ നിയോജക മണ്ഡലത്തിലും ഒരു ഐ.ടി. പാർക്ക് വീതം ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | എ) | ഓരോ നിയോജക മണ്ഡലത്തിലും ഒരു ഐ.ടി. പാർക്ക് വീതം ആരംഭിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| ബി) | തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിന് ഐ.ടി. സെക്ടറിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുവാൻ നടപടികൾ ഉണ്ടാകുമോ ; | ബി) | ഐ.ടി. സെക്ടറിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസന പദ്ധതിയിലൂടെ ഏകദേശം 8000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ടെക്നോസിറ്റിയിൽ 10000 തൊഴിലവസരങ്ങളും കൊല്ലം ടെക്നോപാർക്കിൽ 800 തൊഴിലവസരങ്ങളും സൃഷ്ടിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. 2015-ൽ കൊച്ചി ഇൻഫോപാർക്കിൽ പുതുതായി 20000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. കൊരട്ടി ഇൻഫോപാർക്കിൽ 3000 പേർക്കും ചേർത്തല ഇൻഫോപാർക്കിൽ 600 പേർക്കും തൊഴിൽ നൽകുവാൻ കഴിയും. നിർമ്മാണം പൂർത്തിയാകുമ്പോൾ കോഴിക്കോട് സൈബർപാർക്കിൽ ആദ്യഘട്ടമായി 2200 പേർക്ക് തൊഴിൽ ലഭിക്കും. കണ്ണൂരും കാസർഗോഡും ഉള്ള ഐ.ടി. പാർക്കുകളിൽ 5000 ചതുരശ്രയടി വീതം വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികളെടുത്തുവരുന്നു. കൂടാതെ കോട്ടയം ജില്ലയിൽ പാലായിൽ ഇൻഫോസിറ്റി എന്ന പേരിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | ഐ.ടി.യിലൂടെ കൂടുതൽ വരുമാനം ഉണ്ടാകുന്നതിന് എന്തൊക്കെ | സി) | ഐ.ടി. വ്യവസായ വികസനത്തിനായി ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി സംസ്ഥാന സർക്കാർ |

പദ്ധതികളാണ് ആവിഷ്ക്കരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

സ്ഥാപിച്ചിട്ടുള്ള കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നീ പ്രധാന നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള പാർക്കുകളിലും, കൊല്ലം , ചേർത്തല, കൊരട്ടി, പാല, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചെറുകിട പാർക്കുകളിലും ആഗോള നിലവാരമുള്ള ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വിപുലമായ വിപണന പദ്ധതികളിലൂടെ ഐ.ടി. രംഗത്ത് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനായും സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെയും അവിടെ പ്രവർത്തിക്കുന്ന ഐ.ടി. സംരംഭങ്ങളുടെയും വികസനത്തിനും വിപണനത്തിനുമായും സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ CeBIT ഹാനോവർ ജർമ്മനി, Gitex ദുബായ്, CeBIT ആസ്ട്രേലിയ തുടങ്ങിയ അന്തർദ്ദേശീയ ഐ.ടി. മേളകളിൽ പങ്കെടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ